[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

9. ബൈപ്പാസ് നിർമ്മാണം

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രത്യേകത കണ്ണൂർ-കോഴിക്കോട് ജില്ലയെ ബന്ധിപ്പിക്കുന്നുവെന്നുമാത്രമല്ല കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിൽ കൂടിയാണ് ആ ബൈപ്പാസ് കടന്നുപോകുന്നത്. അതിന്റെ നിർമ്മാണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. നിർമ്മാണം പുരോഗതി പ്രാപിച്ച് മുന്നോട്ടുപോകുമ്പോൾ തലശ്ശേരി മുനിസിപ്പാലിറ്റിയേയും ധർമ്മടം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2018-ൽ പ്രളയം വന്നപ്പോൾ ആ പാലത്തിനോടനുബന്ധിച്ചുള്ള പ്രദേശത്തെ ജനങ്ങൾ വെള്ളത്തിനടിയിലായതിന്റെ ഭാഗമായി വലിയ രീതിയിൽ ജനരോഷമുയർന്നതിനെത്തുടർന്ന് 2018-ൽ പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയർ ഒരുത്തരവിറക്കിയതിൽ പ്രളയവും വെള്ളപ്പൊക്കവും അതിജീവിക്കാൻ പാകമായ നിലയിലായിരിക്കണം പാലം നിർമ്മിക്കേണ്ടതെന്നായിരുന്നു പറഞ്ഞിരുന്നത്. തലശ്ശേരി മുനിസിപ്പാലിറ്റിയേയും ധർമ്മടത്തേയും ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണപ്രവർത്തനം അവസാന ഘട്ടത്തിലെത്തിനിൽക്കുന്ന സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഉത്തരവ് കേരളത്തിലുടനീളം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പാലിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട തലശ്ശേരി അംഗം എ. എൻ. ഷംസീർ ഉന്നയിച്ച വിഷയം പ്രളയത്തെ മറികടക്കാൻ കഴിയുംവിധം പാലങ്ങൾ ഉയർത്തി നിർമ്മിക്കണമെന്ന പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ 10-9-2018-ലെ ഉത്തരവ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എത്രത്തോളം നടപ്പാക്കുന്നുണ്ട്; എന്ത് ശ്രമമാണ് നടന്നിട്ടുള്ളത് എന്നുള്ളതാണ്. ഇതുസംബന്ധിച്ച് ദേശീയ പാത അതോറിറ്റിയോട് വിശദീകരണം ചോദിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച 10-9-2018-ലെ സർക്കുലർ പ്രകാരം നടപടി സ്വീകരിക്കണമെന്ന് നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ-(എൻ.എച്ച്.എ.ഐ.)യുടെ ഉദ്യോഗസ്ഥർക്ക് റീജിയണൽ ഓഫീസർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം അവലോകനം ചെയ്യുകയാണെന്നും അവർ അറിയിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ. അവാർഡ് ചെയ്ത തലപ്പാടി മുതൽ രാമനാട്ടുകരവരെയുള്ള ദേശീയപാതാ റീച്ചിൽ 2018-ലെ പ്രളയത്തെത്തുടർന്ന് ഉയർന്ന ജലനിരപ്പനുസരിച്ച് പാലം ഡിസൈൻ ചെയ്യണമെന്ന് കൺസഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എൻ.എച്ച്.എ.ഐ. പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം 2017-ൽ ആരംഭിച്ചതാണ്. 2017-ൽ ആരംഭിച്ച പ്രധാന പാലം നിർമ്മാണം പലതും പൂർത്തീകരണഘട്ടത്തിൽ എത്തിയതായും എൻ.എച്ച്.എ.ഐ. അറിയിക്കുന്നു. ഇതൊരു പ്രധാന വിഷയമാണ്. രണ്ടുദിവസം മുമ്പ് 'ദി ഹിന്ദു' ദിനപ്പത്രത്തിലെ എഡിറ്റോറിയലിലെ വിഷയം; 'A climate risk : On extreme weather events' എന്നതിനെക്കുറിച്ചായിരുന്നു. പുതിയ നിർമ്മാണങ്ങൾ പുതിയ സാഹചര്യത്തിനനുസരിച്ച് ഡിസൈൻ ഉൾപ്പെടെ ശ്രദ്ധിക്കണമെന്നും 'ദി ഹിന്ദു' എഡിറ്റോറിയലിലുണ്ട്. 4-12-2017-നാണ് തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തി ആരംഭിച്ചത്. വരുംനാളുകളിൽ ഈ ബൈപ്പാസ് പ്രവൃത്തി നേരിൽക്കണ്ട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

10. പാലം നിർമ്മാണം

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, തൃശ്ശൂർ - എറണാകുളം ജില്ലയിലെ തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമാണ് അഴീക്കോട്-മുനമ്പം പാലം. മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കേരളത്തിന്റെ മൂന്നിരട്ടി ജനസാന്ദ്രതയുള്ള രണ്ട് നിയോജകമണ്ഡലങ്ങളാണ് കയ്പമംഗലവും വൈപ്പിനും. പതിനായിരക്കണക്കിനാളുകളാണ് ഈ പദ്ധതി യാഥാർത്ഥ്യമാകുമെന്ന് സ്വപ്നംകണ്ടിരിക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാകുകയാണെങ്കിൽ മത്സ്യ-വ്യവസായ-വിനോദസഞ്ചാര-ഗതാഗത മേഖലകളിൽ വലിയ ഉണർവുണ്ടാകും. ഇതിലെ പ്രശ്നം, ജങ്കാർ സർവ്വീസാണ് ഇപ്പോൾ അവിടെയുള്ളത്; അത് പൂർണ്ണമായും അവിടത്തെ ജനങ്ങൾക്ക് ആശ്രയിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് മന്ത്രിമാർ അവരവരുടെ തലങ്ങളിൽ ചെറിയ വിഷയങ്ങൾ പരിഹരിക്കുന്നതിനായി ഫലപ്രദമായ ഇടപെടൽ നടത്തുകയും യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഈ പാലം പണിയുടെ ഫയലുകൾ അനന്തമായി നീണ്ടുപോകുകയാണ്. 2017-ലാണ് നിർദ്ദിഷ്ട പാലത്തിന് പ്രാരംഭ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചത്. അതിനുശേഷം സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 14 കോടി രൂപയോളം ലഭിച്ചു. അത് ഏകദേശം പൂർത്തീകരിക്കുന്ന